# കേരളസർവകലാശാല

നം.പി.ആർ.85/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ഏപ്രിൽ മാസം നടത്തിയ എം.എ ഇംഗ്ലീഷ് (പ്രീവിയസ് & ഫൈനൽ) സപ്ലിമെന്ററി (വിദൂര വിദ്യാഭ്യാസം – ആന്വൽ സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല ബി.വോക്ക് ഫുഡ് പ്രോസസിംഗ് (359), ബി.വോക്ക് ഫുഡ് പ്രോസസിംഗ് ആൻഡ് മാനേജ്മെന്റ് (356) കോഴ്സുകളുടെ നാലാം സെമസ്റ്റർ ഒക്ടോബർ 2022, അഞ്ചാം സെമസ്റ്റർ ജനുവരി 2023 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 15 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2023 മെയ് 22 മുതൽ നടത്തുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ വിദൂര വിദ്യാഭ്യാസം (2020 അഡ്മിഷൻ റെഗുലർ, 2019, 2018 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു വിശദവിവരം വെബ്സൈറ്റിൽ.

### എം.ബി.എ (ഫുൾടൈം) ജി. ഡീ & ഇന്റർവ്യൂ

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (യു.ഐ.എം.) എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്ക് 2023 – 24 വർഷത്തെ പ്രവേശനത്തിനായുള്ള ജി.ഡീ & ഇന്റർവ്യൂ 2023 മെയ് 11 ന് , 10 മണിക്ക് ഐ.സി.എം, പൂജപ്പുര, യു.ഐ.എം, കൊല്ലം, അടൂർ, ആലപ്പുഴ എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫക്കറ്റുകളുമായി അറിയിപ്പ് കിട്ടിയിട്ടുള്ള കേന്ദ്രങ്ങളിൽ നേരിട്ട് ഹാജരാക്കുക. എം.ബി.എ സെക്കന്റ് ഫേസ് അഡ്മിഷനുള്ള രജിസ്ട്രേഷൻ തിയതി ജൂൺ 31 വരെ നീട്ടിയിരിക്കുന്നു.

### പ്രാക്ടിക്കൽ/ പ്രോജക്ട് /വൈവ

കേരളസർവകലാശാല ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്സി ഏപ്രിൽ 2023 (റെഗുലർ– 2020 അഡ്മിഷൻ , സപ്ലിമെന്ററി – 2019, 2018 അഡ്മിഷൻ, 2013–2017 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ സുവോളജി/ പോളിമർ കെമിസ്ട്രി/ ജോഗ്രഫി എന്നിവയുടെ പ്രാക്ടിക്കൽ/ പ്രോജക്ട് /വൈവ പരീക്ഷകൾ 2023 മെയ് 15 മുതൽ വിവിധ കോളേജുകളിൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഏപ്രിൽ മാസം നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ് മ്യൂസിക് പരീക്ഷയുടെ പ്രാക്ടിക്കൽ 2023 മെയ് 15 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഏപ്രിൽ മാസം നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ് പരീക്ഷയോടനുബന്ധിച്ചുള്ള പ്രോജെക്ട് ഇവാലുവേഷനും വൈവ പരീക്ഷയും അഫിലിയേറ്റഡ് കോളേജുകളിൽ മെയ് 17, 18 , 19 തീയതികളിൽ നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ആറാം സെമസ്റ്റർ ബി.കോം കൊമേഴ്സ് & ടാക്സ് പ്രൊസീ ജിയർ ആന്റ് പ്രാക്ടീസ് പരീക്ഷയുടെയും ബി.കോം കൊമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് , ഏപ്രിൽ 2023 പരീക്ഷയുടെയും വൈവ വോസി 2023 മെയ് 17, 18 തീയതികളിൽ നടത്തുന്നതാണ്. ബി.കോം കൊമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷ 2023 മെയ് 15 ന് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ ആറാം സെമസ്റ്റർ ബി.എ മലയാളം & മാസ് കമ്മ്യൂണിക്കേഷൻ (116) , ബി.എ ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ (128), ഏപ്രിൽ 2023 ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ (വൈവ-വോസി) പരീക്ഷകൾ യഥാക്രമം മെയ് 15, 16 തീയതികളിൽ അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ( വീണ) ഏപ്രിൽ 2023 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മെയ് 18, 19 തീയതികളിൽ തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ ആറാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഏപ്രിൽ 2023 പരീക്ഷയുടെ പ്രാക്ടിക്കൽ വൈവ വോസി പരീക്ഷ 2023 മെയ് 15, 16 തീയതികളിൽ തിരുവനന്തപുരം ഗവ. കോളേജ് ഫോർ വുമൺസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## സ്റ്റഡി മെറ്റീരിയൽസ്

വിദൂര വിദ്യാഭ്യാസ വിഭാഗം 2021 അഡ്മിഷൻ മൂന്നാം സെമസ്റ്റർ പി ജി പ്രോഗ്രാമുകളുടെ സ്റ്റഡി മെറ്റീരിയൽസ് മെയ് 6 മുതൽ 12 വരെ തീയതികളിൽ കാര്യവട്ടം ക്യാമ്പസിലെ വിദൂര വിദ്യാഭ്യാസ വിഭാഗം ഓഫീസിൽനിന്ന് നേരിട്ട് കൈപ്പറ്റാവുന്നതാണ് നേരിട്ട് കൈപ്പറ്റാൻ കഴിയാത്തവർക്ക് മെയ് 15ന് ശേഷം തപാലിൽ അയക്കുന്നതാണ് വിശദവിവരങ്ങൾക്ക് **www.ideku.net** സന്ദർശിക്കുക.

തിരുവനന്തപുരം,
03.05.2023

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)